## തൃശ്ശൂർ ജില്ലാ തിരഞ്ഞടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടറുടെ നടപടിക്രമം

(സാന്നിദ്ധ്യം: എസ്.ഷാനവാസ് IAS)

വിഷയം:- 2021ലെ കേരള നിയമസഭാമണ്ഡലങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് – തൃശ്ശൂർ ജില്ലയിൽ വോട്ടെടുപ്പ്, വോട്ടെണ്ണൽ പ്രക്രിയകളോട് അനുബന്ധിച്ചുള്ള ദിനങ്ങളിൽ ലഹരിവിരുദ്ധ ദിനങ്ങളായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു -

പരാമർശം:-

1. ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ 26/02/2021 തീയതിയിലെ ECI/PN/I6/2O21 നമ്പർ പ്രസ് നോട്ട്.
2. നികുതി വകുപ്പിന്റെ 22/03/2021 തീയതിയിലെ G.O.(Rt) 229/21/Taxes നമ്പർ സർക്കാർ ഉത്തരവ്

~~~ ~~~ ~~~

---

### ഉത്തരവ് നം. EL1 – 270900/21; തീയതി: 24/03/2021

---

കേരള നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിന് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്ത് വോട്ടെടുപ്പ് 2021 ഏപ്രിൽ 6-ാം തിയതി 7.00AM മുതൽ 7.00PM വരെയുള്ള സമയങ്ങളിൽ നടക്കുന്നതും വോട്ടെണ്ണൽ 2021 മെയ് 2-ാം തിയതി നടക്കുന്നതുമാണ്.

വോട്ടെടുപ്പും വോട്ടെണ്ണലും സമാധാനപരമായി നടത്തുന്നതിനായി വോട്ടെടുപ്പ് അവസാനിക്കുന്നതിന് തൊട്ടു മുൻപുള്ള 48 മണിക്കൂർ മുതൽ വോട്ടെടുപ്പ് അവസാനിക്കുന്ന സമയം വരേയും വോട്ടെണ്ണൽ ദിനത്തിലും ലഹരിവിരുദ്ധ ദിനമായി ആചരിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കേരള നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ 04/04/2021 തീയതി വൈകീട്ട് 7 മണി മുതൽ മുതൽ വോട്ടെടുപ്പ് തീയതിയായ 06/04/2021 തീയതി വോട്ടെടുപ്പിനോടനുബന്ധിച്ച ജോലികൾ കഴിയുന്നതുവരെയും വോട്ടെണ്ണൽ ദിനമായ 02/05/2021 തീയതിയും ലഹരിവിരുദ്ധ ദിനങ്ങളായി (ഡ്രൈ ഡേ) പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ലഹരി വിരുദ്ധ ദിനങ്ങളായി പ്രഖ്യാപിച്ച് തീയതികളിലും സമയത്തും ജില്ലയിൽ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലൊ, സ്ഥലത്തൊ യാതൊരുവിധ ലഹരി പദാർത്ഥങ്ങളും വിൽക്കുവാനൊ വിതരണം ചെയ്യുവാനൊ സംഭരിക്കുവാനൊ പാടില്ലാത്തതാണ്. ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മദ്യ ഷാപ്പുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ക്ലബുകൾ, അനുബന്ധമായി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ ഡ്രൈ ഡേ ആയി പ്രഖ്യാപിച്ച ദിനങ്ങളിൽ പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്.
~~~

ലഹരി വിരുദ്ധ ദിനങ്ങളായി പ്രഖ്യാപിച്ച ദിവസങ്ങളിൽ അനധികൃതമായി ലഹരി സംഭരണമോ വിതരണമോ ഒന്നും ജില്ലയിൽ നടക്കുന്നില്ലായെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തൃശ്ശൂർ ഉറപ്പുവരുത്തേണ്ടതും ആയതിനു വേണ്ട മുൻകൂർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇതു സംബന്ധിച്ച വിവരം ബന്ധപ്പെട്ട ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ മുഖേനയും പത്ര മാധ്യമങ്ങൾ മുഖേനയും പരസ്യപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
ജില്ലാ കളക്ടർ, തൃശൂർ.

പകർപ്പ്

1. എല്ലാ വരണാധികാരികൾക്കും / സഹവരണാധികാരികൾക്കും / ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും.
2. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, തൃശ്ശൂർ.
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ.
4. എല്ലാ നോഡൽ ഓഫീസർമാർക്കും.